# മലയാളികളുടെ ഇംഗ്ലീഷ് പ്രേമം

ഈയിടെ വായിയ്ക്കാനിട വന്ന ഒരു ലേഖനത്തിന്റെ (ബ്ലോഗിന്റെ) ചില ഭാഗങ്ങൾ ഉദ്ധരിയ്ക്കട്ടെ:

> "ഇന്നു പലരുടേയും വിചാരം ഇംഗ്ലീഷിൽ സംസാരിച്ചാൽ അഥവാ ഇംഗ്ലീഷ് ഭാഷ അറിഞ്ഞാൽ ലോകം കീഴടക്കിയെന്നാണ്. അതിനായി മലയാളികൾ തങ്ങളുടെ കുഞ്ഞുങ്ങളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കാൻ പരക്കം പായുകയാണ്...ഇവിടെ കുട്ടികളുടെ കഴിവും, പോരായ്മകളും രക്ഷിതാക്കളും, അദ്ധ്യാപകരും ഒരുപോലെ ശ്രദ്ധിക്കുന്നതേയില്ല. രക്ഷിതാക്കളുടെ ഇംഗ്ലീഷിനോടുള്ള അമിതാഭിനിവേശവും, കുഞ്ഞുങ്ങൾ ഇംഗ്ലീഷിൽ സംസാരിച്ചു കാണാനുള്ള അമിതമോഹവും മറ്റെല്ലാ ചിന്തകളിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നു..."

ഉദ്ധരിണി തുടരുന്നു:

> "അമേരിക്കയിൽ പത്താം തരം പാസ്സായ പലർക്കും സ്വന്തം പേരു പോലും ഇംഗ്ലീഷിൽ എഴുതാനറിയില്ലത്രേ. അവിടെയില്ലാത്ത ഇംഗ്ലീഷ് പ്രാധാന്യം ഇവിടെ എങ്ങിനെ വന്നു? അതിന്റെ അമിത പ്രാധാന്യം ഇത്ര വേണോ?"

ആദ്യം തന്നെ, രണ്ടാമതുദ്ധരിച്ച വാചകങ്ങളെപ്പറ്റിയുള്ള ചില ചിന്തകൾ പറയാം.

സുഗന്ധദ്രവ്യങ്ങൾ സമൃദ്ധമായിരുന്ന പൂർവ്വേഷ്യൻ രാജ്യങ്ങളിലെത്താൻ ലക്ഷ്യമിട്ടുകൊണ്ട് ഇറ്റാലിയൻ പര്യവേക്ഷകനായിരുന്ന ക്രിസ്റ്റഫർ കൊളംബസ് സ്പെയിനിലെ രാജാവിനു വേണ്ടി 1492ൽ അറ്റ്ലാന്റിക്കിലൂടെ പടിഞ്ഞാറോട്ടു യാത്ര ചെയ്തു. അറ്റ്ലാന്റിക്കിൽ നിന്ന് പടിഞ്ഞാറോട്ടു യാത്ര ചെയ്താൽ പൂർവ്വേഷ്യൻ രാജ്യങ്ങളിലെത്തും എന്നായിരുന്നു കൊളംബസ്സിന്റെ ധാരണ. അമേരിക്കയെന്നൊരു ഭൂഖണ്ഡത്തെപ്പറ്റി അന്നു യൂറോപ്പുകാർക്ക് അറിവില്ലായിരുന്നു. മദ്ധ്യ അമേരിക്കയിലെ ബഹാമാസ് ദ്വീപസമൂഹത്തിൽപ്പെട്ട സാൻ സാൽവഡോറിലെത്തിയ കൊളംബസ്സു കരുതിയത് താൻ ലക്ഷ്യമിട്ടിരുന്ന ജപ്പാനിൽത്തന്നെ എത്തിച്ചേർന്നിരിയ്ക്കുന്നെന്നാണ്. ക്യൂബയുൾപ്പെടെയുള്ള മദ്ധ്യ അമേരിക്കയിലെ ചില ഭൂവിഭാഗങ്ങൾ സ്പർശിച്ചുകൊണ്ട് അദ്ദേഹം മടങ്ങിപ്പോയി. തന്റെ തുടർന്നുള്ള മൂന്നു സന്ദർശനങ്ങളിൽ കൊളംബസ് തെക്കേ അമേരിക്കയുടെ മുകളറ്റത്തുള്ള വെസ്റ്റ് ഇൻഡീസിലെത്തി. 'വെസ്റ്റ് ഇൻഡീസി'ലെ 'ഇൻഡീസ്' എന്ന പേരു കടന്നു കൂടിയത് പൂർവ്വേഷ്യയുടെ തന്നെ ഒരരിക് ആണു വെസ്റ്റ് ഇൻഡീസ് എന്ന ധാരണയിലാണ്. കൊളംബസ് കണ്ടെത്തിയിരുന്നത് ഈസ്റ്റ് ഇൻഡീസല്ല, തെക്കേ അമേരിക്ക എന്ന അതുവരെ കേട്ടറിഞ്ഞിട്ടില്ലാത്തൊരു ഭൂഖണ്ഡമാണെന്നു തീർച്ചപ്പെടുത്തിയത് ഏഴു വർഷം കഴിഞ്ഞ് സ്പെയിനിനു വേണ്ടിത്തന്നെ വന്ന മറ്റൊരിറ്റലിക്കാരനായ അമേരിഗോ വെസ്പൂച്ചിയാണ്. അതുകൊണ്ടു തന്നെ ആ ഭൂഖണ്ഡങ്ങൾക്ക് അദ്ദേഹത്തിന്റെ പേരും ലഭിച്ചു.

കൊളംബസ്സും വെസ്പൂച്ചിയും ഇറ്റലിക്കാരായിരുന്നെങ്കിലും അവരിരുവരും സ്പെയിനിനു വേണ്ടിയായിരുന്നല്ലോ എത്തിയിരുന്നത്. അവർ ചെന്നെത്തിയ സ്ഥലങ്ങളിലേയ്ക്കൊക്കെ - അതായതു തെക്കേ അമേരിക്കയിലേയ്ക്ക് - അധികം താമസിയാതെ സ്പെയിനിൽ നിന്നുള്ള കുടിയേറ്റക്കാരുടെ പ്രവാഹമുണ്ടായി. മദ്ധ്യ അമേരിക്കയിലും തെക്കേ അമേരിക്കയിലും അവർ നിരവധി കോളണികൾ സ്ഥാപിച്ചു. ഇപ്പോഴത്തെ അമേരിക്കൻ ഐക്യനാട്ടുകളുടെ തെക്കൻ തീരങ്ങളിലും അവർ താമസമാക്കി. പോർച്ചുഗീസുകാർ അമേരിക്കൻ ഐക്യനാട്ടുകളിൽ കോളണികൾ സ്ഥാപിച്ചില്ല. പകരം ബ്രസീലിനെയാണ് അവർ താവളമാക്കിയത്. അതുപോലെ ഡച്ചുകാരും അമേരിക്കൻ ഐക്യനാട്ടുകളിൽ കോളണികൾ കാര്യമായി സ്ഥാപിച്ചില്ല. ഫ്രഞ്ചുകാർ അമേരിക്കൻ ഐക്യനാട്ടുകളിലെ ഏകദേശം മദ്ധ്യഭാഗത്തായി വലുതല്ലാത്ത താവളമുണ്ടാക്കി. അവർക്ക് അതിനേക്കാളേറെ പ്രിയങ്കരം കാനഡയായിരുന്നു.

അമേരിക്കൻ ഐക്യനാടുകളിൽ ഏറ്റവുമധികം കോളണികൾ സ്ഥാപിച്ചത് ബ്രിട്ടനായിരുന്നു. ഇന്ത്യയുൾപ്പെടെ ഏഷ്യയിലുണ്ടായിരുന്ന കോളണികളിൽ നിന്നു കിട്ടിയ വൻ സമ്പത്ത് ബ്രിട്ടനെ ലോകത്തിലെ ഏറ്റവും വലിയ ശക്തിയാക്കി മാറ്റിയിരുന്നു. അതുകൊണ്ട് അമേരിക്കൻ ഐക്യനാടുകളുടെ ഏറ്റവും വലിയ ഭൂവിഭാഗം ബ്രിട്ടന്റെ കൈയിലമർന്നു. മദ്ധ്യ അമേരിക്കയിലേയ്ക്കും തെക്കേ അമേരിക്കയിലേയ്ക്കും സ്പെയിനിൽ നിന്നുണ്ടായ കുടിയേറ്റപ്രവാഹത്തിന്റെ പല മടങ്ങായിരുന്നു, ബ്രിട്ടനിൽ നിന്നും അയർലന്റിൽ നിന്നും അമേരിക്കൻ ഐക്യനാടുകളിലേയ്ക്കുണ്ടായ ഇംഗ്ലീഷുഭാഷക്കാരുടേത്. ഇതു തന്നെയാണ് അമേരിക്കൻ ഐക്യനാടുകൾ സ്വതന്ത്രരാഷ്ട്രമായപ്പോൾ ഔദ്യോഗികഭാഷ ഇംഗ്ലീഷായിത്തീരാനുള്ള മുഖ്യകാരണം.

എന്നാൽ അമേരിക്കയിൽ ഇംഗ്ലീഷ് സംസാരിയ്ക്കുന്ന ജനത എൺപതു ശതമാനം മാത്രമേയുള്ളൂ. സ്പാനിഷ് ഭാഷ സംസാരിയ്ക്കുന്ന പന്ത്രണ്ടു ശതമാനമുൾപ്പെടെ ജനതയുടെ ഇരുപതു ശതമാനത്തോളം ഇംഗ്ലീഷിതരഭാഷകൾ സംസാരിയ്ക്കുന്നവരാണ്. ഈ ഇരുപതു ശതമാനത്തിലെ നല്ലൊരു വിഭാഗത്തിന് ഇംഗ്ലീഷ് അറിയില്ലെങ്കിലത് സ്വാഭാവികം മാത്രമാണ്. അവർ ഇംഗ്ലീഷിതരഭാഷകൾ സംസാരിയ്ക്കുന്നവരായിരിയ്ക്കാനാണു വഴി. അതുകൊണ്ട് "...അമേരിക്കയിൽ പത്താം തരം പാസ്സായ പലർക്കും സ്വന്തം പേരു പോലും ഇംഗ്ലീഷിൽ എഴുതാനറിയില്ല..." എന്ന മുകളിലുദ്ധരിയ്ക്കപ്പെട്ട പ്രസ്താവന (അതിലെത്രത്തോളം ആധികാരികതയുണ്ടെന്ന് ഈ ലേഖകനറിയില്ല) ഇംഗ്ലീഷിതരഭാഷകൾ സംസാരിയ്ക്കുന്ന ഇരുപതുശതമാനത്തെ സംബന്ധിച്ചിടത്തോളം ശരിയാണെന്നു വരാം. പക്ഷേ, 99 ശതമാനം സാക്ഷരതയുള്ള അമേരിക്കയിൽ ഇംഗ്ലീഷ് മാതൃഭാഷയായുള്ള പത്താംക്ലാസ്സുകാർക്ക് ഇംഗ്ലീഷിൽ സ്വന്തം പേരെഴുതാനറിയാതെ വരുമെന്നു തോന്നുന്നില്ല.

ഇനി താഴെ ഉദ്ധരിയ്ക്കുന്ന പ്രസ്താവനയെപ്പറ്റിപ്പറയാം:

> "ഇന്നു പലരുടേയും വിചാരം ഇംഗ്ലീഷിൽ സംസാരിച്ചാൽ അഥവാ ഇംഗ്ലീഷ് ഭാഷ അറിഞ്ഞാൽ ലോകം കീഴടക്കിയെന്നാണ്. അതിനായി മലയാളികൾ തങ്ങളുടെ കുഞ്ഞുങ്ങളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ ചേർക്കാൻ പരക്കം പായുകയാണ്...ഇവിടെ കുട്ടികളുടെ കഴിവും പോരായ്മകളും രക്ഷിതാക്കളും അദ്ധ്യാപകരും ഒരുപോലെ ശ്രദ്ധിക്കുന്നതേയില്ല. രക്ഷിതാക്കളുടെ ഇംഗ്ലീഷിനോടുള്ള അമിതാഭിനിവേശവും, കുഞ്ഞുങ്ങൾ ഇംഗ്ലീഷിൽ സംസാരിച്ചു കാണാനുള്ള അമിതമോഹവും മറ്റെല്ലാ ചിന്തകളിൽ നിന്നും അവരെ പിന്തിരിപ്പിക്കുന്നു..."

സ്വന്തം കാര്യം പറയാൻ എളുപ്പമുണ്ട്. അതുകൊണ്ട് ഈ ലേഖകന്റെ കാര്യം തന്നെ ആദ്യം പറയാം. അഭിമുഖത്തിൽ 'തെങ്ങോല കൊണ്ട് പുരമേഞ്ഞുകൊടുത്തു' എന്ന് ഇംഗ്ലീഷിൽ പറയാനറിയാഞ്ഞതുകൊണ്ട് എനിയ്ക്ക് പൂനയിലെ സൈനിക മെഡിക്കൽ കോളേജിൽ മെഡിസിനുള്ള അഡ്മിഷൻ നഷ്ടപ്പെട്ടു. സ്കൂൾ വിദ്യാഭ്യാസം മലയാളം മീഡിയത്തിലായിരുന്നു. കോളേജിൽ ഹിന്ദിയൊഴികെയുള്ള വിഷയങ്ങൾ ഇംഗ്ലീഷിൽ പഠിച്ച് ഇംഗ്ലീഷിൽ പരീക്ഷയെഴുതി കഷ്ടിച്ചു ബിരുദമെടുത്തു. സത്യം പറയാമല്ലോ, ഇംഗ്ലീഷ്പഠനം ബുദ്ധിമുട്ടായിരുന്നു. അധികം താമസിയാതെ ഒരു ബാങ്കിന്റെ ഇംഗ്ലീഷിലുള്ള പരീക്ഷകളെഴുതി ജയിച്ച് ക്ലാർക്കായി ജോലി കിട്ടി. അവിടെയാകട്ടെ സർവ്വവും ഇംഗ്ലീഷിലായിരുന്നു. പഠിയ്ക്കാനുള്ളത് ഇംഗ്ലീഷിൽ ഒരു വിധം പഠിയ്ക്കുകയും ഇംഗ്ലീഷിൽ ഒരുവിധം സംസാരിയ്ക്കുകയും ചെയ്തതുകൊണ്ട് ജോലിക്കയറ്റം കിട്ടി. പതിറ്റാണ്ടുകൾ കഴിഞ്ഞ് ബാങ്കിംഗ് മേഖലയിൽ നിന്ന് ബീപിഓയിലേയ്ക്കു കടക്കാൻ പറ്റിയതും ഇംഗ്ലീഷിന്റെ മാത്രം പിൻബലത്തിലായിരുന്നു. അവിടെ ഇംഗ്ലീഷിന് അഗ്രഗണ്യസ്ഥാനമായിരുന്നു എന്നു മാത്രമല്ല, മറ്റേതു ഭാഷയും നിരുത്സാഹപ്പെടുത്തപ്പെട്ടിരുന്നു.

കേരളവിദ്യാഭ്യാസപദ്ധതികളിൽ ഇംഗ്ലീഷിനു കിട്ടിയിരിയ്ക്കുന്ന മുൻതൂക്കത്തെപ്പറ്റി നിരവധി പരാതികൾ ഇതിനു മുൻപും ഉയർന്നിട്ടുണ്ട്. മലയാളികളുടെ അതിരുകടന്ന, അന്ധമായ ഇംഗ്ലീഷ് പ്രേമമാണ് ഇതിന്റെ പിന്നിൽ എന്ന ആരോപണവും സാധാരണമാണ്. എന്നാൽ കേരളീയർക്ക് ഇംഗ്ലീഷ് പ്രേമമുണ്ടോ എന്ന

ചോദിച്ചാൽ കുറേക്കൊല്ലം അന്യസംസ്ഥാനത്തു ജീവിച്ച ഒരു മലയാളിയെന്ന നിലയിൽ ഇംഗ്ലീഷ് പ്രേമം ഇല്ലെന്നേ ഞാൻ പറയൂ. കേരളീയർക്ക് ഇംഗ്ലീഷ് പ്രേമമുണ്ടായിരുന്നെങ്കിൽ അവർ സംഭാഷണം മാത്രമല്ല, എഴുത്തും ഇംഗ്ലീഷിലാക്കിയേനേ. ഇംഗ്ലീഷിലെഴുതുന്ന മലയാളികൾ അധികമുള്ളതായി അറിവില്ല. കമലാസുരയ്യ, അരുന്ധതി റോയ് എന്നിവരെ വിസ്മരിച്ചുകൊണ്ടല്ല ഇതു പറയുന്നത്. മലയാളപഠനവുമായി താരതമ്യപ്പെടുത്തുമ്പോൾ ഇംഗ്ലീഷ് പഠിയ്ക്കുന്നതു തീരെ എളുപ്പമല്ല. ഓക്സ്ഫോർഡ് ഇംഗ്ലീഷ് ഡിക്ഷ്ണറിയിൽ 171476 പദങ്ങളുണ്ടെന്നു കാണുന്നു. അമ്പരപ്പിയ്ക്കുന്ന സംഖ്യയാണിത്. ഇതിന്റെ പത്തു ശതമാനമെങ്കിലും പഠിയ്ക്കണമെങ്കിൽ 17147 പദങ്ങൾ പഠിയ്ക്കണം. ഇതാരെക്കൊണ്ടു സാധിയ്ക്കും! ഈ ലേഖകന് ആയിരം പദങ്ങളെങ്കിലും പഠിയ്ക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്നു സംശയമാണ്. ഇത്രയേറെ പദങ്ങൾ മലയാളത്തിലുണ്ടാകുമെന്നു തോന്നുന്നില്ല. നമുക്കെളുപ്പം മലയാളം തന്നെ. പക്ഷേ, ഇംഗ്ലീഷ് പഠിയ്ക്കുകയെന്ന ദുഷ്കരകൃത്യം നിർവഹിയ്ക്കാൻ കേരളീയർ നിർബന്ധിതരാകുന്നു എന്നതാണു വാസ്തവം. അതിന്റെ കാരണം അന്തർദ്ദേശീയമാണ് എന്നാണീ ലേഖകന്റെ അഭിപ്രായം. അതു താഴെ വിവരിയ്ക്കുന്നു.

ഇംഗ്ലീഷ് സംസാരിയ്ക്കുന്ന ജനത ലോകത്ത് കേവലം അഞ്ചര ശതമാനത്തിൽ താഴെ മാത്രമേ ഉള്ളൂ. ചൈനയിലെ മുഖ്യഭാഷയായ മാന്ററിൻ സംസാരിയ്ക്കുന്നവരുടെ എണ്ണം ഇംഗ്ലീഷ് ഭാഷ സംസാരിയ്ക്കുന്നവരുടെ ഏകദേശം മൂന്നിരട്ടിയോളം (14.4%) വരുന്നുണ്ട്. സ്പാനിഷ് ഭാഷയും (6.15%, രണ്ടാം സ്ഥാനം) ഇംഗ്ലീഷിനേക്കാൾ കൂടുതൽ സംസാരിയ്ക്കപ്പെടുന്നുണ്ട്. നമ്മുടെ ഹിന്ദി (4.70%, നാലാം സ്ഥാനം) പോലും ഇംഗ്ലീഷിന്റെ തൊട്ടു പിന്നിൽത്തന്നെയുണ്ട്. സ്ഥിതി ഇതാണെങ്കിലും ഇംഗ്ലീഷ് ഭാഷയേക്കാൾ കൂടുതൽ സംസാരിയ്ക്കപ്പെടുന്ന മാന്ററിനും സ്പാനിഷും പഠിയ്ക്കാനും പറയാനും ലോകം വലിയ ഉത്സാഹം കാണിയ്ക്കുന്നില്ല. അതേസമയം ഇംഗ്ലീഷ് പഠിയ്ക്കാനും പറയാനുമുള്ള ഉത്സാഹം മുൻ പറഞ്ഞ ഭാഷകൾ പഠിയ്ക്കാനുള്ളതിനേക്കാൾ വളരെക്കൂടുതലാണ്. ഇംഗ്ലീഷിതരഭാഷക്കാർ ഏറ്റവും കൂടുതൽ സംസാരിയ്ക്കുന്ന അന്യഭാഷ ഇംഗ്ലീഷാണെന്നു കാണുന്നു.

| Malayalis abroad | | |
|---|---|---|
| United Arab Emirates | .......... | 914000 |
| United States | .......... | 747440 |
| Saudi Arabia | .......... | 595000 |
| Kuwait | .......... | 127782 |
| Oman | .......... | 195300 |
| United Kingdom | .......... | 104737 |
| Qatar | .......... | 148427 |
| Bahrain | .......... | 101556 |
| Israel | .......... | 46600 |
| Australia | .......... | 25111 |
| Canada | .......... | 22125 |
| Malaysia | .......... | 14236 |
| Singapore | .......... | 8800 |
| Germany | .......... | 5867 |
| South Africa | .......... | 5667 |
| Thailand | .......... | 5000 |
| Total | .......... | **3067648** |
| **Malayalis in other states** | | |
| Karnataka | .......... | 701673 |
| Tamilnadu | .......... | 557705 |
| Maharashtra | .......... | 406358 |
| Total | .......... | **1665736** |
| **Grand Total** | | **4733384** |

ഈയിടെ ഇന്ത്യ സന്ദർശിച്ചപ്പോൾ ചൈനീസ് പ്രസിഡന്റ് സ്വന്തം ഭാഷയിലാണ് മിയ്ക്ക പ്രസംഗങ്ങളും നടത്തിയത്. ഇത് സ്വന്തം ഭാഷയോടുള്ള ഭക്തികൊണ്ടാണെന്നു തോന്നിയേയ്ക്കാം. എന്നാൽ ചൈനയിൽ ഇംഗ്ലീഷ് മീഡിയത്തിൽ എഞ്ചിനീയറിംഗും മെഡിസിനും പഠിപ്പിയ്ക്കുന്ന നിരവധി സർവ്വകലാശാലകളുണ്ട്. അവയിൽ ഇന്ത്യയിൽ നിന്നുള്ള വിദ്യാർത്ഥികൾ പോലും പഠിയ്ക്കുന്നുമുണ്ട്. ചൈനക്കാർ അവരുടെ ഭാഷയ്ക്ക് വലിയ വില കൽപ്പിയ്ക്കുന്നുണ്ടെങ്കിലും, ചൈനക്കാർക്ക് ഇംഗ്ലീഷറിയില്ലെന്ന് ഒരു വിഭാഗം ഇന്ത്യക്കാർ വിശ്വസിയ്ക്കാനാഗ്രഹിയ്ക്കുന്നുണ്ടെങ്കിലും, അമേരിക്കയിൽ ഇംഗ്ലീഷ് സംസാരിയ്ക്കുന്ന ചൈനീസ് പ്രൊഫസർമാരും കമ്പനി നേതാക്കളും വിദ്യാർത്ഥികളും കൂടിക്കൊണ്ടിരിയ്ക്കുകയാണ്. അമേരിക്കയിൽ 38 ലക്ഷം ചൈനക്കാരുണ്ട്, 28 ലക്ഷം ഇന്ത്യക്കാരും. ഈ ഇരുപത്തെട്ടുലക്ഷം വരുന്ന ഇന്ത്യക്കാരിൽ

ഏഴര ലക്ഷം മലയാളികളുണ്ട്. ഇത് കേരളസർക്കാർ ജീവനക്കാരുടെ (4.99 ലക്ഷം) എണ്ണത്തേക്കാൾ കൂടുതലാണ്.

കേരളത്തിനു പുറത്തുള്ള മലയാളികളുടെ എണ്ണമെടുക്കാം. മൂന്നു സംസ്ഥാനങ്ങളിലെ സംഖ്യ മാത്രമേ ലഭ്യമായുള്ളൂ. മറ്റു പല സംസ്ഥാനങ്ങളിലും മലയാളികളുണ്ടെന്നതിൽ സംശയമില്ല. അവരെക്കൂടി കണക്കിലെടുക്കുകയാണെങ്കിൽ അന്യസംസ്ഥാനങ്ങളിലുള്ള മലയാളികളുടെ ആകെ എണ്ണം 16.66 ലക്ഷത്തിനു പകരം 20 ലക്ഷമാണെന്നു നമുക്കു ന്യായമായും കരുതാം. അന്യരാജ്യങ്ങളിൽ 30 ലക്ഷം, അന്യസംസ്ഥാനങ്ങളിൽ 20 ലക്ഷം, ആകെ 50 ലക്ഷം മലയാളികൾ കേരളത്തിനു പുറത്തുണ്ട്. മറ്റൊരു തരത്തിൽ പറഞ്ഞാൽ, അഞ്ചു ലക്ഷം മലയാളികൾക്ക് കേരളസർക്കാർജോലി കിട്ടിയപ്പോൾ അതിന്റെ പത്തിരട്ടി മലയാളികൾക്ക് അന്യസംസ്ഥാനങ്ങളിലും അന്യരാജ്യങ്ങളിലും ഉപജീവനത്തിനായി പോകേണ്ടി വന്നു.

തമിഴ്നാട്ടിലും കർണാടകയിലുമുള്ള മലയാളികൾക്ക് വലുതായ ഇംഗ്ലീഷ് പരിജ്ഞാനമില്ലാതെ തന്നെ ജോലികൾ കിട്ടിയിരിയ്ക്കാം. തദ്ദേശഭാഷാപരിജ്ഞാനവും കുറച്ചൊക്കെ മലയാളം തന്നെയും അവർക്കു സഹായകമായിത്തീർന്നിരിയ്ക്കും. അതുപോലെ ഹിന്ദി പരിജ്ഞാനം മഹാരാഷ്ട്രയിലും. എങ്കിലും ഇവിടങ്ങളിലും ഇംഗ്ലീഷ് അറിയാവുന്നവർക്ക് അതറിയാത്തവരേക്കാൾ അല്പം കൂടി മെച്ചപ്പെട്ട ജോലി കിട്ടിക്കാണണം. ഇംഗ്ലീഷ് സാഹിത്യത്തിലുള്ള പരിജ്ഞാനമല്ല ഇവിടെ ഉദ്ദേശിയ്ക്കുന്നത്. ഇംഗ്ലീഷ് പരിജ്ഞാനമുള്ളവർക്ക് താരതമ്യേന മെച്ചപ്പെട്ട ജോലികൾക്കുള്ള സാങ്കേതികജ്ഞാനവും കിട്ടിയിട്ടുണ്ടാകാം. അന്യരാജ്യങ്ങളിലുള്ള മുപ്പതു ലക്ഷം മലയാളികൾക്ക് ഇംഗ്ലീഷ് തീർച്ചയായും ഉപകരിച്ചിരിയ്ക്കും. മലയാളം മാത്രമറിയുന്നവർക്ക് അന്യരാജ്യങ്ങളിൽ തരക്കേടില്ലാത്ത വരുമാനമുള്ള ജോലി കിട്ടുക ബുദ്ധിമുട്ടായിരുന്നിരിയ്ക്കണം. പ്രവാസികളുടെ നിക്ഷേപങ്ങൾ (2012ലെ കണക്കുകളനുസരിച്ച് ഇത് 62000 കോടിയായിരുന്നു) കേരളത്തിലെ ആകെ നിക്ഷേപത്തിന്റെ നാലിലൊന്നോളം വരുന്നു എന്നോർക്കുമ്പോഴാണ് കേരളത്തെ സംബന്ധിച്ചിടത്തോളം പ്രവാസിധനം എത്രത്തോളം പ്രധാനമാണ് എന്നു മനസ്സിലാവുക. ഇംഗ്ലീഷും ഈ ധനസമ്പാദനത്തിൽ സഹായിച്ചിട്ടുണ്ടാകണം.

മുൻപറഞ്ഞ അൻപതു ലക്ഷം മലയാളികൾക്ക് ഉപജീവനത്തിനായി എന്തുകൊണ്ടു കേരളത്തിൽ നിന്നു വെളിയിലേയ്ക്കു പോകേണ്ടി വന്നു? കേരളത്തിന്റെ ജീഡിപി ഏതെല്ലാം സെക്ടറുകളിൽ നിന്ന്, എത്രത്തോളം വന്നെന്നു നോക്കാം. സേവനരംഗത്തു നിന്ന് ഏകദേശം 67 ശതമാനം. അതായത് മൂന്നിൽ രണ്ട്. കൃഷിയിൽ നിന്ന് ഒൻപതു ശതമാനം മാത്രം. വ്യവസായത്തിൽ നിന്ന് 24 ശതമാനം. കേരളത്തിലെ ജനത ജോലി ചെയ്തു ഉപജീവനം കഴിയ്ക്കാൻ വിധിയ്ക്കപ്പെട്ടവരാണെന്നു വ്യക്തം. അവരിൽ അൻപതു ലക്ഷം പേർ കേരളത്തിനു പുറത്തു പോയി ജോലി നേടി ജീവിയ്ക്കേണ്ടി വരുന്നവരുമാണ്. വിദ്യാഭ്യാസമുള്ളവർക്കു മാത്രമേ അതിജീവനത്തിനുതകും വിധം ഉയർന്ന വരുമാനമുള്ള ജോലി ലഭിയ്ക്കുകയുള്ളൂ. അതുകൊണ്ട് ലഭ്യമാകാവുന്നതിൽ ഏറ്റവും നല്ല വിദ്യാഭ്യാസം തന്നെ നേടാൻ കേരളജനത ശ്രമിയ്ക്കുന്നു. ലഭ്യമാകാവുന്നതിലേറ്റവും നല്ല വിദ്യാഭ്യാസത്തിൽ, ഇപ്പോഴത്തെ നിലയ്ക്ക്, ഇംഗ്ലീഷ് അവിഭാജ്യഘടകമാണ്.

അന്തർദ്ദേശീയമാണ് ഇതിനുള്ള കാരണം. അതായത് സാമ്പത്തികമാണ് കാരണമെന്നർത്ഥം. ലോകസമ്പത്തിന്റെ മൂന്നിലൊന്ന് ഇംഗ്ലീഷ് ഔദ്യോഗികഭാഷയായുള്ള രാജ്യങ്ങളുടെ (അമേരിക്ക 25.40%, ബ്രിട്ടൻ 4.71%, കാനഡ 1.70%, ആസ്ട്രേലിയ 1.08%) നേരിട്ടുള്ള ഉടമസ്ഥതയിലാണ്. ഇതിനു പുറമേ ഈ രാഷ്ട്രങ്ങളുടെ, പ്രത്യേകിച്ചും അമേരിക്കയുടെ, ചൊൽപ്പടിയിൽ നിൽക്കുന്ന രാജ്യങ്ങളും കൂടി ചേരുമ്പോൾ, ലോകസമ്പത്തിന്റെ പകുതിയിലേറെ ഈ സംഘത്തിന്റെ നിയന്ത്രണത്തിലാണെന്നു കാണാം. ഒരുദാഹരണമെടുക്കാം. ലോകത്ത് ഏറ്റവുമധികം വ്യാപാരം നടക്കുന്ന അവശ്യവസ്തുക്കളിൽ മുഖ്യം എണ്ണയാണ് (പെട്രോളിയം). ലോകത്തിൽ ഏറ്റവുമധികം എണ്ണയുത്പാദിപ്പിയ്ക്കുന്നത് റഷ്യയാണ്. ലോകത്തിലെ ആകെ എണ്ണയുത്പാദനത്തിന്റെ മൂന്നിലൊന്ന് ഗൾഫു രാജ്യങ്ങളിലാണ്. എങ്കിലും റഷ്യയുടേയും ഗൾഫു രാജ്യങ്ങളുടേയുമെല്ലാം എണ്ണവ്യാപാരം നടക്കുന്നത് അമേരിക്കൻ

ഡോളറിലാണ്. റൂബിളിൽ എണ്ണക്കച്ചവടം നടത്താൻ റഷ്യ ആഗ്രഹിയ്ക്കുകയും ഇടയ്ക്കിടെ ശ്രമിയ്ക്കുകയും ചെയ്യുന്നുണ്ടെങ്കിലും റഷ്യ പോലും എണ്ണവിൽപ്പന നടത്തുന്നത് ഡോളറിലാണ്. അമേരിക്കയുമായി റഷ്യ ശീതസമരത്തിലാണ്. എന്നിട്ടും റഷ്യക്ക് വ്യാപാരം ഡോളറിൽത്തന്നെ നടത്തേണ്ടി വരുന്നു. വിസ്തൃതികൊണ്ട് ലോകത്തിലെ ഏറ്റവും വലിയ രാഷ്ട്രമായ റഷ്യയുടെ പോലും സ്ഥിതി ഇതാണെങ്കിൽ എണ്ണസമൃദ്ധമായ മറ്റു ചെറു രാജ്യങ്ങളുടെ കാര്യം പറയുകയേ വേണ്ടല്ലോ.

ചൈനയുൾപ്പെടെയുള്ള ലോകരാഷ്ട്രങ്ങളുടെ പെട്രോളിയമിതര ഉൽപ്പന്നങ്ങളുടെ വലിയൊരു ഭാഗം വാങ്ങിക്കൂട്ടുന്നത് അമേരിക്ക എന്ന ഒറ്റ രാജ്യമാണ്. കഴിഞ്ഞ വർഷം ചൈന അമേരിക്കയിലേയ്ക്ക് 27 ലക്ഷം കോടി രൂപയ്ക്കുള്ള കയറ്റുമതി നടത്തി. നമ്മുടെ തന്നെ വാണിജ്യവകുപ്പിന്റെ ഏറ്റവുമൊടുവിലത്തെ കണക്കുകളനുസരിച്ച് നടപ്പു സാമ്പത്തികവർഷം 61641 കോടി രൂപയ്ക്കുള്ള കയറ്റുമതിയാണ് നാം അമേരിക്കയിലേയ്ക്കു നടത്തിയിരിയ്ക്കുന്നത്. ഇത് സൌദിയിലേയ്ക്കും ചൈനയിലേയ്ക്കും നാം നടത്തിയ കയറ്റുമതിയുടെ മൂന്നിരട്ടിയിലേറെയാണ്. അമേരിക്കക്കാർ ഇറക്കുമതി കുറച്ചാൽ ഇന്ത്യയും ചൈനയുമുൾപ്പെടെയുള്ള ലോകരാഷ്ട്രങ്ങൾ സാമ്പത്തികമാന്ദ്യത്തിന് അടിമപ്പെടുന്നു. ഈയടുത്ത കാലത്തായി ചൈന സാമ്പത്തിക വൻശക്തിയായിത്തീർന്നിട്ടുണ്ടെങ്കിലും അവരുടെ കറൻസിയായ യുവാൻ (റെൻമിൻബി) ഒരു ലോകരാഷ്ട്രവും വാങ്ങാറില്ല. ചൈനയുടെ വിദേശനാണ്യശേഖരം രണ്ടു കോടിക്കോടി രൂപയ്ക്കുള്ള ഡോളറാണ്. അതിൽ 77 ലക്ഷം കോടി രൂപ അവർ അമേരിക്കൻ കടപ്പത്രങ്ങളിൽത്തന്നെ നിക്ഷേപിയ്ക്കുകയും ചെയ്തിരിയ്ക്കുന്നു. ചൈനയിലെ വ്യവസായങ്ങൾ തങ്ങളുടെ ഉൽപ്പന്നങ്ങൾ അന്താരാഷ്ട്രവിപണിയിൽ വിറ്റഴിയ്ക്കുന്നത് അമേരിക്കൻ ഡോളറിലാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. ചുരുക്കത്തിൽ അമേരിക്കൻ ഡോളറാണ് മിയ്ക്ക രാഷ്ട്രങ്ങൾക്കും വേണ്ടത്.

മുകളിലുദ്ധരിച്ച കണക്കുകൾക്ക് കേരളത്തിലെ വിദ്യാഭ്യാസത്തിൽ ഇംഗ്ലീഷ് അവിഭാജ്യഘടകമായി തുടരുന്നതുമായി എന്തു ബന്ധം എന്ന ചോദ്യമുയർന്നേയ്ക്കാം. ഉത്തരം ലളിതമാണ്: മിയ്ക്ക മലയാളികളും ഇംഗ്ലീഷ് പഠിയ്ക്കുന്നത് ഇംഗ്ലീഷ് പഠിയ്ക്കാൻ ആഗ്രഹമുണ്ടായിട്ടോ, ഇംഗ്ലീഷിനോടു പ്രേമമോ ഭ്രമമോ ഉണ്ടായിട്ടോ അല്ല. അതിജീവനത്തിനായി അൻപതു ലക്ഷം മലയാളികൾക്ക് അന്യസംസ്ഥാനക്കാരേയും അന്യരാജ്യക്കാരേയും സേവിയ്ക്കേണ്ടി വരുന്നതുകൊണ്ട് ഇംഗ്ലീഷ് പഠനം അതിജീവനസാദ്ധ്യത വർദ്ധിപ്പിയ്ക്കുന്നു. നമ്മെപ്പോലെ തന്നെ രാഷ്ട്രങ്ങൾക്കും സമ്പന്നരാഷ്ട്രങ്ങളെ സേവിയ്ക്കേണ്ടി വരുന്നു. ചൈനയുടേയും ഇന്ത്യയുടേയുമെല്ലാം സാമ്പത്തികനില ഇംഗ്ലീഷ് സംസാരിയ്ക്കുന്ന, ലോകസമ്പത്തിന്റെ നേർപകുതി നിയന്ത്രിയ്ക്കുന്ന രാജ്യങ്ങളെ ആശ്രയിച്ചിരിയ്ക്കുന്നു. ലോകത്തിലെ ഏറ്റവും വലിയ സമ്പന്നരാജ്യങ്ങൾ ഇംഗ്ലീഷ് ഭാഷക്കാരുടേതായതുകൊണ്ട് ചൈനയ്ക്കും ഇന്ത്യയ്ക്കുമെല്ലാം ഇംഗ്ലീഷ് പഠിയ്ക്കാതെ നിവൃത്തിയില്ലാതായിരിയ്ക്കുന്നു. ഇംഗ്ലീഷിതരഭാഷക്കാർ ഏറ്റവുമധികം സംസാരിയ്ക്കുന്ന അന്യഭാഷ ഇംഗ്ലീഷായതിൽ അതിശയമില്ല.

ലോകസമ്പത്തിന്റെ 4.14% മാത്രമാണ് ഇപ്പോൾ ഇന്ത്യയുടെ പക്കലുള്ളത്. ഇത് അൻപതു ശതമാനമാകുന്നെന്നു നിമിഷനേരത്തേയ്ക്കൊന്നു സങ്കൽപ്പിയ്ക്കുക. അപ്പോഴേയ്ക്ക് ലോകജനത ഇന്ത്യൻ ഭാഷകൾ പഠിച്ചു കഴിഞ്ഞിട്ടുണ്ടാകും. ശരാശരി ചൈനീസ് പൌരന് (യു എസ് ഡോളർ 6959) നമ്മുടെ (യു എസ് ഡോളർ 1509) നാലിരട്ടിയിലേറെ പ്രതിശീർഷവരുമാനമുണ്ട്. നാം മാന്ററിൻ ഭാഷയും ഇംഗ്ലീഷിനോടൊപ്പം പഠിച്ചുതുടങ്ങേണ്ട കാലമായെന്ന് ചൈന നേടിയിരിയ്ക്കുന്ന സമ്പത്സമൃദ്ധി തെളിയിയ്ക്കുന്നു.

പക്ഷേ അതിജീവനത്തിനു വേണ്ടി ഇംഗ്ലീഷും ഹിന്ദിയും മറ്റും പഠിയ്ക്കാനുള്ള പരക്കം പാച്ചിലിനിടയിലും മലയാളത്തോടുള്ള മമതയ്ക്ക് കുറവുണ്ടാകണമെന്നില്ല. ജീവിതഗന്ധിയായൊരു നോവൽ വായിച്ചുകഴിയുമ്പോൾ മലയാളത്തോടു സ്നേഹം തോന്നിപ്പോകുക സാധാരണമാണ്. നോവൽ തന്നെയാകണമെന്നില്ല, ചെറുകഥയായാലും കവിതയായാലും മതി. മലയാളഭാഷ എത്ര പ്രൌഢഗംഭീരം എന്നു തോന്നിപ്പിച്ച ലേഖനങ്ങളും ധാരാളമുണ്ടായിട്ടുണ്ട്. ചുരുക്കത്തിൽ മലയാളസാഹിത്യം മലയാളത്തെ

ലോകമെമ്പാടുമുള്ള മലയാളികൾക്ക് പ്രിയപ്പെട്ടതായി തുടരാൻ സഹായിയ്ക്കും. സത്സന്ദേശവും സ്നേഹസ്പർശവും കൂടിയുണ്ടെങ്കിൽ സാഹിത്യത്തെ ജനം നെഞ്ചോടു ചേർത്തുവയ്ക്കും. ഭാഷ വിലപ്പെട്ട സാഹിത്യത്തിന്റെ ഭണ്ഡാഗാരമാകുമ്പോൾ മലയാളികൾ ലോകത്തിന്റെ വിദൂരകോണുകളിലാണെങ്കിൽപ്പോലും അതാസ്വദിയ്ക്കും. ചുരുക്കത്തിൽ, വിലപ്പെട്ട സാഹിത്യം ഭാഷയെ പ്രിയപ്പെട്ടതുമാക്കും. അതുകൊണ്ട് ഇംഗ്ലീഷ് പഠനത്തെ നിരുത്സാഹപ്പെടുത്തുകയോ അപലപിയ്ക്കുകയോ ചെയ്യുന്നതിനു പകരം മലയാളസാഹിത്യത്തെ പ്രോത്സാഹിപ്പിയ്ക്കുക, അതു പടർന്നു പന്തലിയ്ക്കട്ടെ. മലയാളവടവൃക്ഷത്തിന്റെ ശീതളച്ഛായ തേടി മലയാളികളെത്തുക തന്നെ ചെയ്യും.